**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3646** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിന് വ്യക്തമായ കർമ്മപരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിനായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ 1312.13 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും, 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തിരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തി വച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അതുവഴി 35% അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലെത്തിക്കാമെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| | | | ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും, സർവ്വീസ് ഓപ്പറേഷനുള്ള സാദ്ധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും, മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്ന ഫീഡർ സർവ്വീസുകൾ, നവീന ആശയങ്ങളായ സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ സർവ്വീസുകൾ എന്നിവ കൂടാതെ പ്രവർത്തന ചെലവ് പങ്ക് വയ്ക്കുന്ന രീതിയിൽ യാത്രാ ചെലവ് കൂട്ടാതെയുള്ള ഗ്രാമവണ്ടി എന്ന നവീന സർവ്വീസും ആരംഭിക്കുകയും വ്യാപകമാക്കുകയും ചെയ്തു വരികയാണ്. ദീർഘദൂര യാത്രക്കാർക്ക് വേഗത്തിലെത്തുന്നതും നഗര ട്രാഫിക്കിൽ പെടാത്തതുമായ ബൈപ്പാസ് റൈഡർ സർവ്വീസുകൾ പ്രദാനം ചെയ്യുക വഴി കൂടുതൽ ദീർഘദൂര യാത്രക്കാർ ബസ്സിലേയ്ക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. അത്യാധുനിക ബസ്സുകൾ കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് മുഖാന്തിരം ക്യാപിറ്റൽ ചെലവും കടവും ഒഴിവാക്കി കെ.എസ്.ആർ.ടി.സി.യിൽ ലീസ് അടിസ്ഥാനത്തിൽ ലാഭകരമായി ഓപ്പറേറ്റ് ചെയ്യുക, ഓപ്റ്റിമൈസേഷനിലൂടെയും ചെലവ് ചുരുക്കിയും ട്രിപ്പ് ലെവൽ സർവ്വീസ് ക്രമീകരണം നടത്തി ബസ്സുകൾ ഓടിക്കുന്നുണ്ട്.<br><br>അന്തരീക്ഷ മലിനീകരണവും പ്രവർത്തന ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസ് നടത്തുന്നുണ്ട്. ഇത് കൂടാതെ സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 113 ഇലക്ട്രിക് ബസ്സുകൾ കൂടി ലഭ്യമാക്കി ഓടിക്കുന്നതാണ്. |
| (ബി) | നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ പ്രയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | (ബി) | പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും, നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ഓപ്പൺ മാർക്കറ്റിൽ നിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിവിധ ഉന്നത തസ്തികകളിൽ യോഗ്യതയും, പരിചയവുമുള്ളവരെ കരാർ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കോർപ്പറേഷന്റെ അക്കൗണ്ടിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരെ പുനർവിന്യസിച്ച് അക്കൗണ്ടിംഗ് വിഭാഗവും, ഭരണപരവും, അക്കൗണ്ട്സ് പരവുമായ ജോലികൾ ജില്ലാ അടിസ്ഥാനത്തിൽ നിർവ്വഹിക്കാനായി 15 ജില്ലാ ഓഫീസുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ എല്ലാ വിഭാഗം ജീവനക്കാർക്കും വിദഗ്ധ പരിശീലനവും നൽകുന്നുണ്ട്. |
| (സി) | പെൻഷനും ശമ്പളവും നൽകുന്നത് മുടങ്ങാതെ കെ.എസ്.ആർ.ടി.സി.യെ ലാഭവിഹിതം നൽകാൻ കഴിയും വിധമുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുന്നതിന് സമയബന്ധിത കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിനായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ 1312.13 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും, 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. കോവിഡിനെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തിരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തി വച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അതുവഴി 35% അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലെത്തിക്കാമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ